**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3131** — 07-02-2018 -ൽ മറുപടിക്ക്

**ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്നുള്ള നാശനഷ്ടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശമേഖലയിൽ ഉണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) | ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശമേഖലയിൽ ആകെ 1044.98 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| ബി) | ഈ മേഖലയ്ക്ക് നൽകുന്നതിന് കേന്ദ്ര സംഘത്തിന് മുമ്പിൽ എത്ര രൂപയുടെ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത്; | ബി) | ഹരിപ്പാട് മണ്ഡലത്തിൽ പ്രത്യേകമായി കേന്ദ്ര സംഘത്തിന് മുമ്പിൽ ഒരു പാക്കേജും സമർപ്പിച്ചിട്ടില്ല. |
| സി) | കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ അഭാവം ഈ മേഖലയിലെ നാശനഷ്ടങ്ങൾ വർദ്ധിക്കാൻ ഇടയാക്കി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | സി) | കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ അഭാവം ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശമേഖലയിൽ നാശനഷ്ടങ്ങൾ വർദ്ധിക്കാൻ ഇടയാക്കി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃക്കുന്നപ്പുഴ, ആറാട്ടുപുഴ റോഡിൽ ചെയിനേജ് 5/630 മുതൽ ഏകദേശം 600 മീറ്ററോളം ഭാഗത്ത് പുലിമുട്ട് ഇല്ലാത്തതിനാൽ രൂക്ഷമായ കടലാക്രമണം നേരിട്ടിട്ടുള്ളതും കൂടാതെ കടലിൽ നിന്നുള്ള വൻ തോതിലുള്ള മണൽ നിക്ഷേപം റോഡിലേക്ക് അടിച്ച് കയറുന്നതിനാൽ റോഡ് തകരുന്ന സ്ഥിതി വിശേഷവും ഗതാഗത സ്തംഭനാവസ്ഥയും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ